(ബി) 15-11-1999-ന് കൈമാറിയിട്ടുണ്ട്. ഐ. എച്ച്. ആർ. ഡി ക്കുവേണ്ടി മാനേജിങ് ഡയറക്ടർ ശ്രീ. കെ. സി. ബാലകൃഷ്ണൻ പേർക്ക് തെക്കേമുറിയിൽ റ്റി. എസ്. ജോൺ കല്ലുപ്പാറ വില്ലേജിലെ റീസർവേ 244/2-ൽ 6 ആർ 27 ച. മീറ്റർ സ്ഥലം 85,000 രൂപ മതിപ്പുവില കാണിച്ച് മല്ലപ്പള്ളി സബ് രജിസ്ട്രാർ ആഫീസിലെ 447-ാം വാല്യം 459 മുതൽ 462 വരെ വശങ്ങളിൽ 1889/99-ാം നമ്പരായി ഭാഗ ആധാരമായി രജിസ്ട്രർ ചെയ്തു നൽകിയിട്ടുണ്ട്.

(3670, 3675 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലുള്ളതായി പറയപ്പെടുന്ന അപാകതകൾ

ശ്രീ. അടൂർ പ്രകാശ് : സർ, കേരളത്തിലെ 14 ജില്ലാ ബാങ്കുകളിലെ 4100-ഓളം വരുന്ന ജീവനക്കാരുടെയും അതുപോലെ സംസ്ഥാന സഹകരണ ബാങ്കിലെ 400-ഓളം വരുന്ന ജീവനക്കാരുടെയും അടിയന്തിര ആവശ്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലും ഈ സഭയുടെ മുമ്പാകെയും കൊണ്ടു വരുന്നതിനു വേണ്ടിയാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ അടിയന്തിര ആവശ്യങ്ങൾ അടങ്ങുന്ന ഒരു അവകാശപ്പത്രിക ആൾ കേരള ജില്ലാ സഹകരണ ബാങ്ക് എമ്പ്ലോയീസ് കോൺഗ്രസും, ആൾ കേരള ജില്ലാ സഹകരണ ബാങ്ക് എമ്പ്ലോയീസ് ഫെഡറേഷനും കൂടി സംയുക്തമായി ബഹുമാനപ്പെട്ട മന്ത്രിക്ക് 9-02-2000-ൽ നൽകുകയുണ്ടായി. ഈ അവകാശപ്പത്രികയിൽ പറഞ്ഞിരിക്കുന്ന ന്യായമായ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ചുള്ളതാണ്. ഈ ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ച പ്രശ്നങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. 1999 ഏപ്രിൽ വരെ ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിച്ചിരുന്നത് അവരുടെ സർവ്വീസ് സീനിയോറിറ്റി അനുസരിച്ചായിരുന്നു. എന്നാൽ ഇപ്പോൾ 1999-ൽ ഉത്തരവായ ചട്ട ഭേദഗതിയിലൂടെ നമ്മുടെ സംസ്ഥാനത്ത് ഒരു മേഖലയിലും ഇല്ലാത്ത തരത്തിൽ ഒരു മത്സര പരീക്ഷാ സമ്പ്രദായം നടപ്പാക്കുവാനുള്ള തീരുമാനം എടുത്തിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഈ മത്സരപ്പരീക്ഷ നടക്കുമ്പോൾ ആ മത്സരപ്പരീക്ഷയിൽ വിജയിക്കുന്നവരുടെ റാങ്ക് ലിസ്റ്റ് ഉണ്ടാക്കണമെന്ന നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. ഈ റാങ്ക് ലിസ്റ്റ് ഉണ്ടാകുന്നതിനുള്ള നിർദ്ദേശം കൊടുക്കുമ്പോൾ പല ആളുകളുടെയും സീനിയോറിറ്റി മറികടക്കുവാനുള്ള സാഹചര്യം ഉണ്ടാകാനിടയുണ്ട്. ആ സീനിയോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

മറികടന്നുകൊണ്ട് ഇതിൽ ആരെയൊക്കെയോ സഹായിക്കുന്നതിന് വേണ്ടിയുള്ള ഒരു ഏർപ്പാടായി സംശയങ്ങൾ നിലനിൽക്കുകയാണ്. ഇതുമാത്രമല്ല ഈ പരീക്ഷ നടത്തുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നത് സംസ്ഥാന സഹകരണ യൂണിയനെയാണ്. സംസ്ഥാന സഹകരണ യൂണിയന്റെ വിശ്വാസ്യതയെക്കുറിച്ച് വളരെ സംശയങ്ങൾ നിലനിൽക്കുന്നു എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതിൽ രാഷ്ട്രീയമായ കൈകടത്തൽ ഉണ്ടാകും എന്നുള്ള കാര്യത്തിലും യാതൊരു സംശയവുമില്ല. 1-3-1999-ലെ കണക്കനുസരിച്ച് നമ്മുടെ 14 ജില്ലാ സഹകരണ ബാങ്കുകളിൽ ഏതാണ്ട് 4,364 കോടി രൂപയുടെ ഡെപ്പോസിറ്റ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ 4,364 കോടി രൂപയുടെ ഡെപ്പോസിറ്റ് ഉണ്ടാക്കുവാൻ കഴിഞ്ഞത്, ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് ഈ ബാങ്കുകളിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ തന്നെയാണ്. അവരുടെ കാര്യക്ഷമതയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിക്കോ, ഗവൺമെന്റിനോ സംശയങ്ങൾ ഉണ്ടെങ്കിൽ അവർക്ക് ഇത്തരത്തിൽ പ്രവർത്തിക്കുവാനോ ഈ ബാങ്കുകളെ ലാഭകരമായ നിലയിലേക്ക് കൊണ്ടുചെന്നെത്തിക്കുവാനോ കഴിയുമായിരുന്നില്ല. ഇന്ന് ഗവൺമെന്റ് തന്നെ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും സഹായങ്ങൾ ഏറ്റുവാങ്ങുന്ന ഒരു സ്ഥിതി വിശേഷത്തിലാണ് നിൽക്കുന്നത്. ഇപ്പോൾ തന്നെ ജില്ലാ സഹകരണ ബാങ്കുകളുടെ 495 കോടി രൂപയോളം ട്രഷറികളിൽ നിക്ഷേപിക്കുവാനും അത് ഗവൺമെന്റിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനും കഴിയുന്നുണ്ട് എന്നുള്ളത് ഒരു യഥാർത്ഥ്യമാണ്. കാര്യക്ഷമത ഇല്ല എന്നു പറയുന്നതിൽ അർത്ഥമില്ല എന്നുപറയുന്നതിന് വേണ്ടിയാണ് ഞാൻ ഇത് സൂചിപ്പിക്കുന്നത്. അതുകൊണ്ട് എനിക്ക് ഇവിടെ ആവശ്യപ്പെടുവാനുള്ളത്, 1999 ഏപ്രിൽ മാസത്തിൽ ഉണ്ടാക്കിയ ചട്ട ഭേദഗതിയോടെ വരുത്തിയ മാറ്റങ്ങൾ ക്യാൻസൽ ചെയ്യുവാൻ തീരുമാനമെടുക്കണം. നേരത്തെ ഉണ്ടായിരുന്നതനുസരിച്ച് ഈ ജീവനക്കാർക്ക് കിട്ടേണ്ട പ്രൊമോഷൻ സാദ്ധ്യതകളെ തടയുവാൻ ഗവൺമെന്റ് തയ്യാറാകരുത്. അവർക്ക് ജീവനക്കാർ എന്നുള്ള നിലയിൽ കിട്ടുന്ന ആനുകൂല്യമായ സീനിയോറിറ്റി പ്രൊമോഷൻ നിലനിർത്താനുള്ള നടപടികളുണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ അവരുടെ ശമ്പള പരിഷ്ക്കരണം സാധാരണ ഗതിയിൽ നടപ്പാക്കുന്നത് എല്ലാ അഞ്ച് വർഷം കൂടുമ്പോഴുമാണ്. അതനുസരിച്ച് 1-7-1997-ന് ശമ്പള പരിഷ്ക്കരണം നടപ്പാക്കേണ്ടതായിരുന്നു. ആ ശമ്പള പരിഷ്ക്കരണം നടപ്പാക്കുവാൻ വേണ്ടി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 23-4-1999-ൽ നടന്ന ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. അങ്ങനെ ചർച്ചചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തോടുകൂടി എന്നുവച്ചാൽ 1-7-1999 മുതൽ അവർക്ക് ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾ അല്ലെങ്കിൽ അവരുടെ അലവൻസുകളെ സംബന്ധിച്ചിടത്തോളവും, ശമ്പള പരിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളവും തീരുമാനം എടുത്ത് ഉത്തരവ് ഇറക്കുകയുണ്ടായി. ആ ഉത്തരവിന് 1-7-1997 മുതൽ മുൻകാല പ്രാബല്യമുണ്ടാകുമെന്നാണ് ചർച്ചയിലൂടെ തീരുമാനിച്ചത്. അതനുസരിച്ച് എല്ലാ ജില്ലാ ബാങ്കുകളിലും ജീവനക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കേണ്ടതായ അലവൻസുകളും മറ്റും വിതരണം ചെയ്യുകയുണ്ടായി. എന്നാൽ അത്തരത്തിൽ വിതരണം ചെയ്തതിനുശേഷം ഏറ്റവും അവസാനം 17-12-1999-ൽ പുതിയ ഒരു ഉത്തരവ് നടപ്പാക്കുവാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ആ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്, 23-4-1999-ലെ ജി.ഒ./(എം.എസ്.)70/99 സഹകരണ നമ്പർ സർക്കുലർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 1-7-1997 മുതൽ പ്രാബല്യം നൽകി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സൂചന ഒന്ന് പ്രകാരം അനുബന്ധം 2-ൽ പറഞ്ഞിട്ടുള്ള അലവൻസുകളും 1-4-1999 മുതൽ മാത്രം പ്രാബല്യം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന രണ്ട് അനുസരിച്ച് 1-04-1999-ന് മുൻപ് വിതരണം നടത്തിയിട്ടുള്ള അനുബന്ധം 2-ലെ അലവൻസുകൾ തിരിച്ച് ഈടാക്കുന്നതിന് ബാങ്കിന്റെ ഭരണ സമിതികൾ നടപടികൾ സ്വീകരിക്കണം എന്നുള്ളതാണ്. അത് ഒരു ശരിയായ നടപടിയല്ല. മുൻകാല പ്രാബല്യം എന്നുപറഞ്ഞ് തീരുമാനം എടുത്തിനുശേഷം രണ്ടു വർഷങ്ങൾക്ക് ശേഷം വീണ്ടും ഇത്തരത്തിൽ ഒരു ഉത്തരവ് ഇറക്കുന്നത് ശരിയല്ല. അലവൻസുകൾ ഉൾപ്പെടെ 1-7-1997 മുതൽ പ്രാബല്യം നല്കുന്നതിന് നടപടി ഉണ്ടാകണം. അതുപോലെ തന്നെ ഈ ബാങ്കിലെ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ. എന്ന് കേരളത്തിലെ എല്ലാ ജീവനക്കാർക്കും സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ടുകൊണ്ടോ, അതുപോലുള്ള എതെങ്കിലും പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ടോ എല്ലാ വിഭാഗം ജീവനക്കാർക്കും പെൻഷൻ കൊടുക്കുന്ന ഒരു സാഹചര്യത്തിലാണ് നാം നിലനിൽക്കുന്നത്. എന്നാൽ ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പെൻഷൻ നടപ്പാക്കുന്നതിനുള്ള പദ്ധതികൾ ഇതുവരെയും പൂർണ്ണമായിട്ടില്ല. പ്രാഥമിക സഹകരണസംഘം ജീവനക്കാർക്ക് വരെ പെൻഷനുണ്ട്. അതുപോലെ ഇവർക്കും പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികളുണ്ടാക്കാൻവേണ്ടി ഒന്നുരണ്ടു കമ്മീഷനുകളെ നിയമിച്ചിരുന്നു. എന്നാൽ ഇതുവരെയും ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരെന്നുള്ള നിലയ്ക്ക് അവർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ ഈ ജീവനക്കാർ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 1999-ൽ ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി 16 ദിവസം സമരം നടത്തുകയുണ്ടായി, സമരത്തിന് നേതൃത്വം കൊടുത്തത് എപ്ലോയീസ് കോൺഗ്രസും ആൾ ഇൻഡ്യ എപ്ലോയീസ് അസോസിയേഷനുമാണ്. ആ സമയം നടത്തിയ കാലയളവിൽ ഡയസ്നോൺ ഏർപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ സി. പി. എം. നേതൃത്വം കൊടുക്കുന്ന 'BEFI' എന്നു പറയുന്ന സംഘടനയും നേതൃത്വത്തിൽ നടത്തിയ നാലുദിവസം നീണ്ടു നിന്ന ദേശീയ പണിമുടക്കിൽ പങ്കെടുത്തുകൊണ്ട് സമരം നടത്തിയവർക്ക് ഈ ഡയസ്നോൺ ഏർപ്പെടുത്താതെകണ്ട് രാഷ്ട്രീയമായി തന്നെ മറ്റു സംഘടനകൾ നടത്തിയ സമരത്തിൽ ഡയസ്നോൺ ഏർപ്പെടുത്തിയത് ശരിയല്ല. ആ ഉത്തരവ് പിൻവലിക്കാൻ വേണ്ട നടപടികൾ ഉണ്ടാകണം. ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുന്നതിനുവേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, മറ്റേതൊരു സന്ദർഭത്തെ അപേക്ഷിച്ചും ജില്ലാ ബാങ്ക് ജീവനക്കാരുടെ കാര്യത്തിൽ ഏറ്റവും മെച്ചപ്പെട്ട ശമ്പള പരിഷ്കരണ നടപടിയും സഹായകരമായ സമീപനവും സ്വീകരിച്ചിട്ടുള്ള സന്ദർഭമാണിതെന്ന് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള ചില പ്രശ്നങ്ങളിൽ ഒന്ന്, ജില്ലാ ബാങ്ക് ജീവനക്കാരുടെ ശമ്പളത്തിന്റെ പരിഷ്കരണവുമായി ബന്ധപ്പെടുത്തി പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ, 1-7-1997 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ചു കൊണ്ട് 23-4-1999-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശമ്പളത്തോടൊപ്പം നൽകുന്ന ഡി.എ. ഒഴിച്ചുള്ള മറ്റ് അലവൻസുകൾക്കും ഉത്തരവ് തീയതി മുതൽക്കേ പ്രാബല്യം നൽകാൻ കഴിയുകയുള്ളൂ. അതാണ് കീഴ്വഴക്കവും. ചർച്ചയിൽ ഉണ്ടായ ധാരണയും അതാണ്. അതിന് വ്യത്യസ്തമായി ചില ബാങ്കുകൾ കൂടുതൽ കൊടുത്തിട്ടുണ്ടെങ്കിൽ തിരിച്ചു വാങ്ങുകയെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം തീരുമാനം ലംഘിച്ചത് തിരുത്തുക എന്നുമാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. അലവൻസുകൾക്ക് 1-7-1997 മുതൽ പ്രാബല്യം നൽകണമെന്നുള്ള ആവശ്യം അംഗീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇതുവരെ ശമ്പളപരിഷ്ക്കരണത്തിന് സ്വീകരിച്ചിട്ടുള്ള കീഴ്വഴക്കത്തിന്റെ തുടർച്ചയിലാണ് ഈ നടപടികളും സ്വീകരിച്ചിട്ടുള്ളത്. മറ്റൊന്ന്, എമ്പ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ ഇപ്രകാരമുള്ള പെൻഷൻ പദ്ധതി നിലവിലുണ്ട്. ഇപ്പോൾ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർ ജി.പി.എഫ്, പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നവരാണ് ; എങ്കിലും ഇവർക്ക് പ്രത്യേകമായ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്നുള്ള ആവശ്യം പരിശോധിച്ചു വരികയാണ്. ജീവനക്കാർ സർവീസിൽ പ്രവേശിക്കുമ്പോൾ അന്ന് പ്രാബല്യത്തിലുള്ള ശമ്പളത്തിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. നേരത്തെ സർവീസിൽ ഉണ്ടായിരിക്കുന്ന ജീവനക്കാർക്ക് ലഭ്യമാകുന്ന ഫിക്സേഷൻ ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുകയില്ല. അപ്രകാരമൊരു ആനുകൂല്യം അനുവദിക്കുന്നതിന് ഒരു ന്യായീകരണവുമില്ല. 1982 ജൂലൈ 1-നു ശേഷം ജോലിയിൽ പ്രവേശിച്ചവർക്കും അന്നുമുതൽ പ്രാബല്യത്തിൽ വരുത്തിയ ശമ്പളത്തിനു മാത്രമേ അർഹതയുള്ളൂ. അതിനുമുൻപ് ജോലിയിൽ പ്രവേശിച്ചവർക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് അനുസൃതമായി പുതിയ ജോലിയിൽ പ്രവേശിച്ചവർക്ക് ആനുകൂല്യം വേണമെന്നുള്ള ആവശ്യം ഈ ഘട്ടത്തിൽ ഉന്നയിച്ചിരുന്നു. ഇതും അംഗീകരിക്കാൻ കഴിയുന്നതല്ല. പിന്നെ ഡയസ്നോണിന്റെ പ്രശ്നം. ഡയസ്നോണിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റല്ല തീരുമാനിക്കേണ്ടത്. അതായത് ബാങ്ക് മാനേജുമെന്റാണ്. മറ്റൊന്ന് കോമ്പറ്റേറ്റീവ് ടെസ്റ്റിനെ സംബന്ധിച്ചിടത്തോളം വാണിജ്യബാങ്കുകളോട് മത്സരിച്ചുകൊണ്ടു മാത്രമേ സഹകരണമേഖലയ്ക്ക് ഇന്ന് പിടിച്ചു നിൽക്കാൻ കഴിയുകയുള്ളൂ. ജനങ്ങൾ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് അവർക്ക് അതിന്റെ സുരക്ഷിതത്വവും അവർക്ക് അതിന്റെ തിരിച്ചുള്ള പ്രയോജനവും, സമൂഹത്തിന് അതിന്റെ അവസരവും ലഭ്യമാക്കി പ്രയോജനപ്പെടുത്താൻ കഴിയണം എന്നുണ്ടെങ്കിൽ പ്രധാനപ്പെട്ട പോസ്റ്റുകളിൽ,

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് എക്സിക്യൂട്ടീവ്, എക്സിക്യൂട്ടീവ് എന്നീ തസ്തികകളിൽ പ്രാപ്തിയുള്ളവർ തന്നെ വരേണ്ടതായിട്ടുണ്ട്. എഫിഷ്യൻസിയുടെ പ്രശ്നവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഗവൺമെന്റ് അത്തരമൊരു തീരുമാനം എടുത്തിട്ടുള്ളത്. എഫിഷ്യൻസിയോടൊപ്പം എക്സിപീരിയൻസും പരിഗണിച്ചുകൊണ്ട് അത്തരമൊരു ടെസ്റ്റിൽ പങ്കെടുക്കുന്നവർക്ക്, എക്സ്പീരിയൻസ് ഉണ്ടെങ്കിൽ ഗ്രേസ് മാർക്കുകൂടി നൽകുന്നതിന് നിശ്ചയിച്ചു. അതിവിടെ എക്സിപീരിയൻസ് നിരാകരിക്കപ്പെടുന്നില്ല. എക്സ്പീരിയൻസ് പ്രയോജനപ്പെടുത്തുകയും അതേസമയം ബൗദ്ധികമായിട്ടുള്ള കഴിവിനെ ഉപയോഗപ്പെടുത്തി സഹകരണമേഖലയെ കൊമേഴ്സ്യൽ ബാങ്കുകളോട് മൽസരിച്ചു കൊണ്ട് മുൻപന്തിയിൽ വരാൻ കഴിയത്തക്ക വിധത്തിൽ പ്രാപ്തമാക്കി തീർക്കുകയെന്നതാണ് അതുകൊണ്ട് അടിസ്ഥാനപരമായി ഉദ്ദേശിക്കുന്നത്. സഹകരണപ്രസ്ഥാനം ഉണ്ടായതുമുതൽ ഇതുവരെ ടെസ്റ്റ് നടത്തുന്നത് സംസ്ഥാന സഹകരണ യൂണിയൻ തന്നെയാണ്. ഏതു കാലത്തായാലും അതിന്റെ വിശ്വസ്തതയെ സംബന്ധിച്ച് മഞ്ഞ കണ്ണുകൊണ്ട് നോക്കിക്കണ്ടാൽ കാണുന്നതെല്ലാം മഞ്ഞിച്ചിരിക്കുന്നതായിട്ട് തോന്നുമെങ്കിലും ഇതുവരെ സംസ്ഥാന കോ-ഓപ്പറേറ്റീവ് യൂണിയനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു അവിശ്വാസത്തിന്റെ പ്രശ്നം ഏതെങ്കിലും തരത്തിൽ ഉണ്ടാകേണ്ടതായിട്ടില്ല. ഇതുവരെ ഉണ്ടായിട്ടുള്ളതിൽ വച്ച് ഏതെങ്കിലും തരത്തിൽ കുറവുണ്ടെങ്കിൽ അതുമാറ്റി തിരുത്തുന്നതിനും തിരുത്തിക്കുന്നതിനും സന്നദ്ധമാണ്. പക്ഷെ അടിസ്ഥാനപരമായി സഹകരണമേഖലയിൽ എഫിഷ്യൻസി വികസിപ്പിച്ചെടുക്കുകയെന്നുള്ളത് ആ മേഖലയുടെ ആവശ്യത്തിന്റെ ഭാഗമാണ്. സീനിയോറിറ്റി മാത്രമല്ല പ്രശ്നം, സീനിയോറിറ്റി ഇവിടെ നിരാകരിക്കുന്നില്ല. സീനിയോറിറ്റിയുള്ളവരുടെ എക്സപീരിയൻസിനെ ഉപയോഗപ്പെടുത്താൻ ഗ്രേസ് മാർക്ക് കൊടുക്കുകയും ചെയ്യുന്നുണ്ട്. അത്തരമൊരു കാര്യത്തിൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, ഇതെല്ലാം വച്ചുകൊണ്ട് നടത്തിവരുന്ന പ്രശ്നത്തിന്റേയും അനുഭവത്തിന്റേയും അടിസ്ഥാനത്തിൽ ഏതാണ് ശരി ഏതാണ് തെറ്റ് എന്നുള്ളത് പരിശോധിച്ച് അത്തരം ഒരു ഘട്ടത്തിലെ അനുഭവം സഹകരണപ്രസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്ന സ്ഥിതിവരുന്നുവെങ്കിൽ നമുക്ക് ചെയ്യാവുന്നതും പരിശോധിക്കാവുന്നതുമേയുള്ളൂ. പക്ഷെ ഇപ്പോൾ എടുത്തിട്ടുള്ള നിലപാടിന് ഒരു പുനഃപരിശോധന ആവശ്യമാണെന്ന് ഗവൺമെന്റ് കണക്കാക്കുന്നില്ല. ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ആവശ്യങ്ങളോട് ഈ ഘട്ടത്തിൽ ഉദാരമായ സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. എല്ലാ യൂണിയനുകളിലെ നേതാക്കൻമാരുമായി ഞാൻ തന്നെ നേരിട്ട് രണ്ടു മൂന്നു ഘട്ടങ്ങളിൽ നടത്തിയ ചർച്ചയെത്തുടർന്ന് യുനാനിമസ് ആയിട്ടാണ് ഈ പരിഷ്കരണ നടപടിയൊക്കെ ഏർപ്പെടുത്തിയത്. അവരെല്ലാം കോൺഫറൻസിൽ ഇരുന്നുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ മാന്യമായ ഒരു നല്ല നിലപാടു സ്വീകരിച്ചുവെന്ന് ഗവൺമെന്റിനെ ഇക്കാര്യത്തിൽ അഭിനന്ദിക്കുന്നുവെന്നും പറഞ്ഞുകൊണ്ടാണ് ആ കോൺഫറൻസ് പിരിയുന്നത് തന്നെ. തികച്ചും വ്യത്യസ്തമായ ഒരു അഭിപ്രായം ആ ചർച്ചയുടെ ഘട്ടത്തിൽ ഒറ്റ യൂണിയൻ നേതാക്കന്മാരും ഉന്നയിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് 1-7-1997 മുതൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം മെച്ചപ്പെട്ട ഒരു സാമ്പത്തിക ആനുകൂല്യം ഉറപ്പുവരുത്തിക്കൊണ്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. ജില്ലാ ബാങ്ക് ജീവനക്കാർക്ക് മാത്രമായി ഇനിയും പ്രത്യേകിച്ചു എന്തെങ്കിലും തരത്തിൽ ഒരു ആനുകൂല്യം നൽകുയെന്നുള്ളത് അസാദ്ധ്യമാണ്. ഇതിനാൽ സഹകരണപ്രസ്ഥാനത്തിന്റെ മൊത്തത്തിലുള്ള നിലനിൽപ്പും വളർച്ചയും കണക്കിലെടുത്തുകൊണ്ട് മാത്രമേ ജീവനക്കാർക്ക് മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

ശ്രീ. അടൂർ പ്രകാശ് : സർ, സഹകരണ ബാങ്കിലെ ജീവനക്കാരുടെ ആവശ്യങ്ങൾ അടക്കമുള്ള ഒരു അവകാശപ്പത്രിക സംയുക്തമായി രണ്ടു യൂണിയനുകൾ ഗവൺമെന്റിനു മുൻപിൽ സമർപ്പിക്കുകയുണ്ടായി. അത് 9-2-2000-ൽ ആണ്. ഇക്കാര്യത്തെക്കുറിച്ച് ജീവനക്കാരുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി ഒരു ചർച്ച നടത്തുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ എന്ന് അങ്ങ് വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, ഇപ്പോൾ അത്തരമൊരു ചർച്ച നടത്തേണ്ടതിന്റെ ആവശ്യകതയുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

(2) പൊന്നാനി തുറമുഖത്തിന്റെ വികസനം

ശ്രീ. എൻ. കണ്ണൻ : സർ, മലപ്പുറം ജില്ലയിലെ മത്സ്യബന്ധന കേന്ദ്രമായ പൊന്നാനി തുറമുഖത്തിന്റെ ശോചനീയാവസ്ഥയാണ് ഞാൻ ഗവൺമെന്റിന്റെ മുൻപിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയമായി കൊണ്ടുവരുന്നത്. സർ, പ്രാചീനകാലം മുതൽ തന്നെ പ്രസിദ്ധിയാർജിച്ച ഒരു മത്സ്യബന്ധന കേന്ദ്രമാണ് പൊന്നാനി, ഏകദേശം 15000 മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് ഓരോ കൊല്ലവും ഏകദേശം ഇതുപത്തിഅയ്യായിരം ടൺ മത്സ്യം വീതം ഉൽപ്പാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്ക്. 360-ഓളം യന്ത്രവൽകൃത ബോട്ടുകളും 1250-ഓളം നാടൻ വള്ളങ്ങളിലുമായി 6500-ഓളം വരുന്ന തൊഴിലാളികൾ ഇവിടെ പ്രത്യക്ഷമായി ജോലി ചെയ്യുന്നു. അത്രയും തന്നെ തൊഴിലാളികൾ പരോക്ഷമായും ജോലി ചെയ്യുന്നുണ്ട്. നിരവധി വർഷങ്ങളായി ഭാരതപ്പുഴയിൽ നിന്ന് ഒഴുകിവരുന്ന മണലും മണ്ണും ഇവിടെ അഴിമുഖത്ത് അടിഞ്ഞുകൂടുകയും അതിന്റെ ഫലമായി മണൽത്തിട്ട രൂപപ്പെടുകയും ചെയ്ത് അതുവഴിവരുന്ന മത്സ്യബന്ധന ബോട്ടുകൾക്ക് കൃത്യമായി സഞ്ചരിക്കുന്നതിന് കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുകയാണ്. മണൽത്തിട്ടയിൽ തട്ടിത്തകർന്ന് ഒട്ടനവധി ബോട്ടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. മാത്രമല്ല അതിലേ വരുന്ന മത്സ്യ തൊഴിലാളികൾ ഓരോ കൊല്ലവും മരണപ്പെടാൻ ഇടയായ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ബോട്ടുകൾ തട്ടി തകരുന്നതിന്റെ ഫലമായി കോടിക്കണക്കിന് രൂപ ഈ മേഖലയിൽ നഷ്ടം വന്നിട്ടുണ്ട്. മണൽത്തിട്ട ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പലപ്രാവശ്യം കേന്ദ്രഗവൺമെന്റിന്റെ മുമ്പിലൊക്കെ പ്രശ്നം കൊണ്ടുവന്നുവെങ്കിലും അതിനെസംബന്ധിച്ച് ഇതുവരേയും ഒരു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനും പരിഹാരമുണ്ടാക്കാൻ കഴിയാത്തതുകൊണ്ടുതന്നെ പൊന്നാനിയെ സംബന്ധിച്ച് മത്സ്യബന്ധന

LIBRARY ARCHIVES Kerala Legislative Assembly